"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - ശ്രീമതി ആതിര.എം, എൽ.പി.എസ്.ടി, കൊല്ലം എൽ.പി സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്

G.O.(Rt)No.6135/2025/GEDN തീയതി,തിരുവനന്തപുരം, **02-09-2025**

പരാമർശം:- 1. ശ്രീമതി ആതിര. എം സമർപ്പിച്ച **02/06/2025** തീയതിയിലെ റിവിഷൻ ഹർജി

2. കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **02/08/2025** തീയതിയിലെ **AEOKYD/519/2025-D** നമ്പർ കത്ത്

3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **07/08/2025** തീയതിയിലെ **DEOVKA/1364/2025-B5** നമ്പർ കത്ത്

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **16/08/2025** തീയതിയിലെ ഡി.ജി.ഇ/**16298/2025**-ജി2 നമ്പർ കത്ത്

ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി ഉപജില്ലയുടെ പരിധിയിൽ വരുന്ന കൊല്ലം എൽ.പി. സ്കൂളിൽ എൽ.പി.എസ്.ടി. ആയ ശ്രീമതി. ആതിര. എം. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും **8/8/2025** ന് കേൾക്കുകയുണ്ടായി.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

- **2019 - 20** ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കൊയിലാണ്ടി എ.ഇ.ഒ അനുവദിച്ച് ഉത്തരവായ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഹെഡ്മിസ്ട്രസ്സ് അടക്കം **06** എൽ.പി.എസ്.ടി റഗുലർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. തസ്തിക നിർണ്ണയ ഉത്തരവിന്റെ കോപ്പി

റിവിഷനോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ ഒരു റഗുലർ തസ്തികയാണ് തനിക്ക് സ്കൂളിന്റെ പഴയ മാനേജർ **12/06/2019** മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകിയത് . ഈ ഒഴിവാകട്ടെ ശ്രീമതി. പി.രഞ്ജിത എന്ന അദ്ധ്യാപിക പി.എസ്.സി നിയമനം ലഭിച്ച് രാജിവെച്ച് ഒഴിവായ റഗുലർ തസ്തികയുമാണ്. ഈ കാര്യത്തിലുള്ള തന്റെ അറിവില്ലായ്മ കൊണ്ടാണ് ഞാൻ മേൽ നിയമനം സ്വീകരിക്കുകയുണ്ടായത്.

- താൽക്കാലികാടിസ്ഥാനത്തിലുള്ള തന്റെ മേൽ നിയമനം കൊയിലാണ്ടി എ.ഇ.ഒ ന്റെ ഉത്തരവ് നമ്പർ **D/8965/19** തീയ്യതി **07/10/2020** പ്രകാരം അംഗീകരിക്കുകയും ചെയ്തതാണ്.

- കെ.ഇ.ആർ അധ്യായം **XXIII**ചട്ടം**3 (iv)** ലെ നിഷ്കർഷത പ്രകാരം എന്നെ നിയമിച്ച മേൽ തസ്തിക റഗുലർ എൽ.പി.എസ്.ടി തസ്തികയാണ് എന്ന് താൻ മനസിലാക്കുന്നു. അത് പ്രകാരം **2019 - 20** വർഷം കൊയിലാണ്ടി എ.ഇ.ഒ തസ്തിക നിർണ്ണയ ഉത്തരവ് വഴി അനുവദിച്ച റഗുലർ തസ്തികയുമാണ്.

- ബഹു. സുപ്രീംകോടതി **22/02/2013** ന് **CA No.1643/13(2013)(1)KLT** പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിലെ **(ii)** നിർദ്ദേശം ചുവടെ ഉദ്ദരിച്ച് കൊള്ളട്ടെ.

ii. The Manager of an aided school can , however ,appoint teachers in vacancies occurred due to death , retirement , promotion ,resignation long term leave etc. provided they are established vacancies and the approval can be granted subject to the conditions/under Rule 49 of chapter XIV A of the KER.

ഇവിടെ ഒഴിവിന്റെ സ്വഭാവമാണ് ചട്ടം **49** പ്രകാരം ബഹു: സുപ്രീം കോടതി വ്യാഖ്യാനിച്ചത് എന്നാണ് തന്റെ അറിവ്. ചട്ടം **49** നെ വ്യാഖ്യാനിച്ച് കൊണ്ട് ബഹു. സുപ്രീംകോടതിയുടെ മേൽ വിധിന്യായ പ്രകാരം അന്നത്തെ മാനേജർ തനിക്ക് നൽകിയ റഗുലർതസ്തികയിലെ ശ്രീമതി. പി.രഞ്ജിത രാജിവെച്ച്

ഒഴിഞ്ഞത് കാരണം നിലവിൽ വന്നതുമാണ്. **12/06/2019** മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കപെട്ട് പോയതുകൊണ്ട് തന്റെ ആദ്യ നിയമന തീയ്യതി മുതലള്ള എല്ലാവിധ സർവ്വീസസ് ആനുകൂല്യങ്ങളും നഷ്ടപ്പെടാൻ ഇടയായിരിക്കുകയാണ്. വ്യവസ്ഥാപിത റഗുലർ തസ്തികകളിൽ ദിവസ വേതനം പാടില്ല എന്ന് ബഹു :സുപ്രീംകോടതിയും ഹൈക്കോടതിയും പൊതുവിദ്യാഭ്യാസ വകപ്പും നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

- മേൽ നിയമവസ്തുതകളെല്ലാം പരിഗണിച്ചുകൊണ്ട് അന്നത്തെ മാനേജർക്ക് സംഭവിച്ചു പോയ വീഴ്ച്ചകൾ തിരുത്തി കൊണ്ടും സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ സർക്കാർ മുമ്പാകെ സമർപ്പിച്ച സാക്ഷ്യപത്രം സാധൂകരിച്ചുകൊണ്ട് **12/06/2019** മുതലുള്ള തന്റെ വ്യവസ്ഥാപിത എൽ.പി.എസ്.ടി തസ്തികയിലെ നിയമനം റഗുലർ ടൈം സ്കെയിലിൽ പരിവർത്തനം ചെയ്തുകൊണ്ട് പുതിയ ഒരു പ്രെപ്പോസൽ സമന്വയവഴി സമർപ്പിക്കുവാൻ സ്കൂൾ മാനേജർക്ക് അനുവാദം നൽകണമെന്നും തന്റെ ആദ്യ നിയമന തീയ്യതിമുതലുള്ള തുടർച്ചയായ സർവ്വീസ് ക്രമവൽക്കരിച്ചുകൊണ്ട് ഉത്തരവ് ഉണ്ടാവണമെന്നും അപേക്ഷിച്ച് കൊള്ളുന്നു.

3. മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു :-

1. കൊയിലാണ്ടി കൊല്ലം പിഷാരികാവ് ദേവസ്വം കീഴിലുള്ള ഭരണസമിതി ഐക്യകണ്ഠേന തന്നെ മാനേജരായി തിരഞ്ഞെടുത്തത് **29/05/2024** തീയ്യതി മുതലാണ്. നിയമന തിയ്യതി മുതൽ മാനേജരായ തന്റെ നിയമനം കൊയിലാണ്ടി എ.ഇ. ഒ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2. ശ്രീമതി ആതിര എം ന് ടി സ്കൂളിൽ എൽ.പി.എസ്.ടി ആയി ആദ്യ നിയമനം നൽകിയത് ശ്രീമതി. പി രഞ്ജിതയ്ക്ക് പി എസ് സി നിയമനം ലഭിച്ച് സ്വയം രാജിവച്ച് ഒഴിഞ്ഞ റഗുലർ എൽ.പി.എസ്.ടി തസ്തികയിൽ **12/06/2019** മുതൽ താൽക്കാലികവും ദിവസവേതന അടിസ്ഥാനത്തിലുമായി പോയിരുന്നു. ഈ താൽക്കാലിക നിയമനം കൊയിലാണ്ടി എ.ഇ.ഒ ദിവസവേതന അടിസ്ഥാനത്തിൽ

അംഗീകരിച്ചിട്ടുമുണ്ട്.

3. അന്നത്തെ മാനേജർക്ക് ഇത് സംബന്ധിച്ചുണ്ടായ അജ്ഞത മൂലമാണ് കൊയിലാണ്ടി എ .ഇ. ഒ **2019 - 20**തസ്തിക നിർണയ ഉത്തരവ് പ്രകാരം അംഗീകരിച്ച റഗുലർ എൽ.പി.എസ്.ടി തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ അവരെ നിയമിച്ചു പോയത്.

4. മേൽപ്രകാരം ശരിയാംവിധം അല്ലാതെ സംഭവിച്ചു പോയ ഈ വീഴ്ച സ്കൂളിന്റെ പുതിയ മാനേജരായ ഞാൻ തിരുത്തുവാൻ തയ്യാറാണ്. ആയതിലൂടെ ആദ്യ നിയമനം നേടിയ ഈ അധ്യാപികയെ നിയമന തീയതി ആയ **12/06/2019** മുതൽ ശമ്പള സ്കെയിലിൽ റഗുലർ നിയമനം നൽകിക്കൊണ്ടുള്ള പുതിയ നിയമന പ്രെപ്പോസൽ കൊയിലാണ്ടി എ .ഇ.ഒ മുമ്പാകെ സമർപ്പിക്കാൻ സ്കൂൾ മാനേജ്മെന്റ് തയ്യാറാണ്.

5. ഇത് സംബന്ധിച്ചു ഞാൻ പ്രത്യേക സാക്ഷ്യപത്രം ശ്രീമതി. ആതിരയുടെ റിവിഷൻ പെറ്റീഷന്റെ ഒപ്പം സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾമുൻനിർത്തി ശ്രീമതി. ആതിര എം ന് സ്കൂൾ മാനേജ്മെന്റ് **12/06/2019** ന് നൽകിയ റഗുലർ / വ്യവസ്ഥാപിത തസ്തികയിലെ എൽ.പി.എസ്.ടി നിയമനം റഗുലർ നിയമനമായി പരിവർത്തനപ്പെടുത്തി ക്കൊണ്ട് സമന്വയ വഴി പുതിയ നിയമന പ്രെപ്പോസൽ സമർമിക്കുവാൻ അനുവാദം നൽകണമെന്നും ആയതിന് നിയമനം അംഗീകാരം നൽകാൻ കൊയിലാണ്ടി എ.ഇ.ഒ-ന് നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിച്ചു കൊള്ളുന്നു.

4. വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-

കൊല്ലം എൽ പി സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീമതി രഞ്ജിത പി, പി.എസ്.സി നിയമനം സ്വീകരിക്കുന്നതിനായി **11/06/2019** നു രാജിവെച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ മാനേജർ ശ്രീമതി ആതിര .എം .നെ **12/06/2019** മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ

സമർപ്പിക്കുകയും ചെയ്തു. മേൽ നിയമനം ,നിയമന ഉത്തരവ് സ്റ്റേറ്റ് മെൻറ് ഓഫ് ചേഞ്ച് ഓഫ് സ്റ്റാഫ് എന്നിവ മാനേജർ തീയ്യതി രേഖപ്പെടുത്താതെയാണ് **6/7/19** നു സമർപ്പിച്ചതായി കാണുന്നതെന്നും, ദിവസവേതന നിയമനം **12/06/2019** മുതൽ തുടർച്ചയായി നൽകിയതായി കാണുന്നു, **31/03/2020** വരെ നിയമനം മാനേജർ പരിമിതപ്പെടുത്തിയിട്ടില്ല എന്നീ കാരണങ്ങളാൽ **30/12/2019** തീയ്യതിയിലെ **D/8965/2019** നം. ഉത്തരവ് പ്രകാരം എ.ഇ.ഒ. നിരസിച്ചു. നിയമനം നിരസിച്ചതിനെതിരെ മാനേജർ ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ ന്യൂനതകൾ പരിഹരിച്ച രേഖകൾ മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ **04/10/2020** തീയതിയിലെ ബി5/**190162/2020**നം പ്രകാരം അനുവദിച്ചുത്തരവാകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അധ്യാപികയുടെ **12/06/2019** മുതൽ **31/03/2020** വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം **07/10/2020** തീയതിയിലെ **D/8965/19** നം. ഉത്തരവ് പ്രകാരം എ.ഇ.ഒ. അംഗീകരിച്ചു നൽകുകയും ചെയ്തു.

ആയതിനു ശേഷം ഇതേ ഒഴിവിൽ മാനേജർ പ്രസ്തുത അധ്യാപികയെ **08.11.2021** മുതൽ **35600 - 75400** രൂപ ശമ്പള സ്കെയിലിൽ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. മേൽ നിയമനം ഒഴിവ് തെളിയിക്കുന്ന രേഖ സമർപ്പിച്ചിട്ടില്ല, ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടു ബഹു. ഹൈക്കോടതിയുടെ **10. 8. 2022** ലെ **WP(C) No.19808./ 2021** പ്രകാരമുള്ള വിധിന്യായം നിലനിൽക്കുന്നതിനാൽ **18/11/2018** മുതലുള്ള നിയമനം അംഗീകരിക്കാൻ നിർവാഹമില്ല എന്നീ കാരണങ്ങളാൽ നിരസിച്ചു. തുടർന്ന് ശ്രീമതി. ആതിര.എം, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി (സി) നം **31633/2023** യിൽ ന്റെ **22.11.2023** തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായ പ്രകാരം ടിയാരിയുടെ നിയമനം പ്രൊവിഷണലായി അംഗീകരിച്ച് നൽകുവാൻ നിർദ്ദേശച്ചതിന്റെയും, സർക്കാർ കത്ത് നം. പൊ.വി.വ - ജെ.ആർ **1/502/2023** പൊ.വി.വ തീയ്യതി **01.11.2023**, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **01.11.2023** ലെ പുറത്തെഴുത്ത് ഉത്തരവ് ഡി.ജി.ഇ/**15133/2023**-എച്ച് **2** എന്നീ ഉത്തരവുകൾ

പ്രകാരം ബഹു.ഹൈക്കോടതിയുടെ **19.10.2023** ലെ ഇടക്കാല ഉത്തരവിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതിനാൽ മാത്രം നിയമന അംഗീകാരം നല്കിയിട്ടില്ലാത്ത കേസുകളിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അപ്രകാരമുള്ള നിയമനങ്ങൾക്ക് പ്രൊവിഷണലായി നിയമന അംഗീകാരം നൽകുവാനും അതനുസരിച്ച് ശമ്പളം നൽകുവാനും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും, **18/11/2018** മുതൽ **08/11/2021** വരെ ഉണ്ടായ ഒഴിവുകളിൽ **08/11/2021** നു നിയമിക്കപ്പെട്ട ആളായതിനാലും പ്രസ്തുത നിയമനം ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് റഗുലറായി ക്രമീകരിക്കുന്നതാണെന്ന വ്യവസ്ഥയിൽ താൽക്കാലികമായി ശമ്പളസ്കെയിലിൽ **21/01/2024** തീയതിയിലെ **D/55901/2023** നം ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകി.

ശ്രീമതി. ആതിര എം നെ എൽ.പി.എസ്.ടി തസ്തികയിൽ **12/06/2019** മുതൽ **31/03/2020** വരെ ദിവസവേതനാടിസ്ഥാനത്തിലും, **08.11.2021** മുതൽ **35600 - 75400** രൂപ ശമ്പള സ്കെയിലിൽ നിയമിച്ചതും ഒരേ ഒഴിവിലാണ് . പ്രസ്തുത ഒഴിവ് വ്യവസ്ഥാപിതമാണ്. മാനേജർ പ്രസ്തുത അധ്യാപികയെ **12/06/2019** മുതൽ ശമ്പള സ്കെയിലിൽ നിയമിച്ച് അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ശമ്പള സ്കെയിലിൽ അംഗീകാരം നൽകുകയും ചെയ്തിട്ടില്ല. **08.11.2021** മുതൽ **35600 - 75400** രൂപ ശമ്പള സ്കെയിലിൽ നിയമിച്ച വേളയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി താൽക്കാലികമായി ശമ്പളസ്കെയിലിൽ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ടെന്ന വസ്തുതയും ബോധിപ്പിക്കുന്നു.

5. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി ഉപജില്ലയുടെ പരിധിയിൽ വരുന്ന

കൊല്ലം എൽ.പി. സ്കൂളിൽ എൽ.പി.എസ്.ടി. ആയ ശ്രീമതി. ആതിര എം. ന്റെ **12.06.2019** മുതലുള്ള നിയമനം റഗുലറായി ശമ്പളസ്കെയിലിൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിക്കാരി സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം.

കൊല്ലം എൽ പി സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീമതി. രഞ്ജിത പി പി.എസ്.സി നിയമനം സ്വീകരിക്കുന്നതിനായി **11/06/2019** ന് രാജിവെച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ മാനേജർ ശ്രീമതി. ആതിര .എം നെ **12/06/2019** മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. മേൽ നിയമനം, നിയമന ഉത്തരവ് ,സ്റ്റേറ്റ്മെൻറ് ഓഫ് ചേഞ്ച് ഓഫ് സ്റ്റാഫ് എന്നിവ മാനേജർ തീയ്യതി രേഖപ്പെടുത്താതെയാണ് **6/7/19** നു സമർപ്പിച്ചതായി കാണുന്നതെന്നും, ദിവസവേതന നിയമനം **12/06/2019** മുതൽ തുടർച്ചയായി നൽകിയതായി കാണുന്നു, **31/03/2020** വരെ നിയമനം മാനേജർ പരിമിതപ്പെടുത്തിയിട്ടില്ല എന്നീ കാരണങ്ങളാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ **30/12/2019** തീയതിയിലെ **D/8965/2019** നം. ഉത്തരവ് പ്രകാരം നിരസിച്ചു നൽകി. നിയമനം നിരസിച്ചതിനെതിരെ മാനേജർ ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത ന്യൂനതകൾ പരിഹരിച്ച രേഖകൾ മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ **04/10/2020** തീയ്യതിയിലെ ബി **5 /190162/2020** നം പ്രകാരം അനുവദിച്ചുത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ആതിര എം. ന്റെ **12/06/2019** മുതൽ **31/03/2020** വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം **07 /10/2020** തീയതിയിലെ **D/8965 / 19** നം ഉത്തരവ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയുണ്ടായി.

പിന്നീട് ഇതേ ഒഴിവിൽ മാനേജർ പ്രസ്തുത അധ്യാപികയെ **08.11.2021** മുതൽ **35600 - 75400** രൂപ ശമ്പള സ്കെയിലിൽ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. മേൽ നിയമനം ഒഴിവ് തെളിയിക്കുന്ന രേഖ സമർപ്പിച്ചിട്ടില്ല, ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടു ബഹു. ഹൈക്കോടതിയുടെ **10/ 8/ 2022** ലെ **WP(c) No . 19808/ 2021**

പ്രകാരമുള്ള വിധിന്യായം നിലനിൽക്കുന്നതിനാൽ **18/1/2018** മുതലുള്ള നിയമനം അംഗീകരിക്കാൻ നിർവാഹമില്ല എന്നീ കാരണങ്ങളാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു . തുടർന്ന് ശ്രീമതി. ആതിര.എം, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തWP(c) No. 31633/2023 ൽ **22.11.2023** തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായ പ്രകാരം ടിയാരിയുടെ നിയമനം പ്രൊവിഷണലായി അംഗീകരിച്ച് നൽകുവാൻ നിർദ്ദേശിച്ചതിന്റെയും, അടിസ്ഥാനത്തിൽ **18/11/2018** മുതൽ **08/11/2021** വരെ ഉണ്ടായ ഒഴിവുകളിൽ **08/11/2021** നു നിയമിക്കപ്പെട്ട ആളായതിനാലും പ്രസ്തുത നിയമനം ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് റഗുലറായി ക്രമീകരിക്കുന്നതാണെന്ന വ്യവസ്ഥയിൽ താൽക്കാലികമായി ശമ്പളസ്കെയിലിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ **21/01/2024** തീയതിയിലെ **D/55901/2023**നം. ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകി.

ശ്രീമതി. ആതിര. എം നെ എൽ.പി.എസ്. ടി തസ്തികയിൽ **12/06/2019** മുതൽ **31/03/2020** വരെ ദിവസവേതനാടിസ്ഥാനത്തിലും, **08.11.2021** മുതൽ **35600 - 75400** രൂപ ശമ്പള സ്കെയിലിൽ നിയമിച്ചതും ഒരേ ഒഴിവിലാണ്. പ്രസ്തുത ഒഴിവ് വ്യവസ്ഥാപിതമാണ്. മാനേജർ പ്രസ്തുത അധ്യാപികയെ **12/06/2019** മുതൽ ശമ്പള സ്കെയിലിൽ നിയമിച്ച് അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. രാജി, മരണം പോലുള്ള ഒഴിവുകളിൽ ശമ്പള നിരക്കിൽ നിയമിക്കാം എന്നിരിക്കെ മാനേജർ നിയമിതയെ ദിവസ വേതനത്തിൽ നിയമിച്ചത് ക്രമപ്രകാരമല്ല. എന്നാൽ നിയമിതക്ക് **12/06/2019** മുതൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പ്രകാരം താൽക്കാലിക ശമ്പള നിരക്കിൽ നിയമനത്തിന് അർഹതയുണ്ടെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ ശ്രീമതി. ആതിര എം. നെ **12/6/2019** മുതൽ റഗുലർ ഒഴിവിൽ നിയമിച്ചുകൊണ്ട് മാനേജർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീമതി. ആതിരയുടെ നിയമനം ഭിന്നശേഷി സംവരണ നിയമനത്തിന് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ **12.6.2019** മുതൽ അംഗീകരിച്ചു നൽകുന്നതിന് കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SWAPNA P

JOINT SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര, കോഴിക്കോട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊയിലാണ്ടി, കോഴിക്കോട്

മാനേജർ, കൊല്ലം എൽ.പി സ്കൂൾ, കൊല്ലം പി.ഒ, കോഴിക്കോട് - **673307**

ശ്രീമതി ആതിര. എം, എൽ.പി.എസ്.ടി, കൊല്ലം എൽ.പി സ്കൂൾ, കൊല്ലം പി.ഒ, കോഴിക്കോട് - **673307**

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by ഉത്തരവിൻ പ്രകാരം
Asha Rani M
Date: 02-09-2025 16:56:55

സെക്ഷൻ ഓഫീസർ